**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **12-02-2025 - ൽ മറുപടിയ്ക്ക്**

**മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ഉൾപ്പെട്ട 57.08 ആർസ് ഭൂമി മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി 17/04/2019-ലെ സ.ഉ(സാധാ)നം. 1036/2019/റവ, 11/10/2022-ലെ സ.ഉ(സാധാ)നം. 4120/2022/റവ എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ നിയമം സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 17/10/2022-ലെ 3553-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 15(2) പ്രകാരം നിശ്ചിത കാലപരിധിയായ 60 ദിവസത്തിനകം ലഭിച്ച ആക്ഷേപങ്ങൾ തീർപ്പാക്കിയിട്ടുള്ളതും, ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളതും, ഏറ്റെടുക്കേണ്ട കെട്ടിടങ്ങളുടെ വാല്യുവേഷൻ പൊതുമരാമത്ത് വകുപ്പ് ശേഖരിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കരട് പുനരധിവാസ പാക്കേജ് 02.03.2023-ൽ പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ പബ്ലിക്ക് ഹിയറിംഗ് 24.03.2023, 27.03.2023 എന്നീ തീയതികളിൽ മാവേലിക്കര മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ വെച്ച് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പാക്കേജ് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ശ്രീ. കോശി ഫിലിപ്പ് ഫയൽ ചെയ്ത WP(C). 27368/2022 നമ്പർ കേസ്സിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവെക്കുന്നതിന് ഉത്തരവായിട്ടുള്ളതിനാൽ സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ